ഉത്തരം

(എ) ഉണ്ട്.

(ബി) 10-2-79-ൽ ഇസ്സാക്ക് എന്ന ഹരിജനെ ഉപദ്രവിച്ചതായും 3-3-1979-ൽ കുഞ്ഞേലിബേബി എന്നയാളുടെ വീട് തീവെച്ചതായും 4-3-1979-ൽവിജയൻപാലൻ എന്നയാളെ ഉപദ്രവിച്ചതായും പരാതിലഭിച്ചു.

(സി) 10-2-1979-ലെ പരാതിയുടെ അടിസ്ഥാനത്തിൽ കടക്കാവൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു അന്വേഷിച്ച് പ്രതികളെ അറസ്റ്റുചെയ്യുകയും കേസ് ചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 3-3-1979-ലും 4-3-1979-ലും കിട്ടിയപരാതികളുടെ അടിസ്ഥാനത്തിൽ ഓരോ കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നുവരുന്നു.

(ഡി) ആവശ്യമായനടപടികളും ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

സിറ്റി പോലീസ് കമ്മിഷണറുടെ കാർ

1118 [1786] ശ്രീ. പി. ബാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫോറിൻ കാറിന് പ്രതിദിനം പെട്രോളും ഇനത്തിൽ എത്രരൂപ ചിലവഴിക്കേണ്ടിവരുന്നു എന്നു വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഐ. ജി. പോലും അമ്പാസിഡർ കാർ ഉപയോഗിക്കുമ്പോൾ സിറ്റികമ്മിഷണർ മാത്രം ഇത്ര ചെലവുകൂടിയ വാഹനം ഉപയോഗിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കമ്മിഷണർക്കു ഇപ്പോഴത്തെകാറിനുപകരം അംബാസിഡർകാർ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7 രൂപ, 14 പൈസ ചെലവാകും.

(ബി) പ്രധാനമായും വി. ഐ. പി. ഡ്യൂട്ടിക്ക് ഉപയോഗിക്കാൻ വേണ്ടിയാണ് ഫോറിൻ കാറുകൾ വാങ്ങിയിട്ടുള്ളത്. ഉപയോഗിക്കാതെ കിടന്നാൽ വണ്ടിക്ക് തകരാറുകൾ ഉണ്ടാകുന്നതിന് സാധ്യതയുള്ളതുകൊണ്ടാണ് അപൂർവ്വമായി ഈ കാർ ഉപയോഗിക്കുവാൻ സിറ്റി പോലീസ് കമ്മിഷണറെ അനുവദിച്ചിട്ടുള്ളത്.

(സി) സാധാരണ ആവശ്യങ്ങൾക്ക് പോലീസ് കമ്മിഷണർ അംബാസിഡർകാർ തന്നെയാണ് ഉപയോഗിക്കുന്നത്.

പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഫോറിൻകാറുകൾ

1119 [1787] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനപോലീസ് ഡിപ്പാർട്ടുമെന്റിന് ഇപ്പോൾ എത്ര ഫോറിൻകാറുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഇതിൽ ഡീസലടെസ് കയ്തവ എത്ര; അല്ലാത്തവ എത്ര;

LIBRARY ARCHIVES Kerala Legislative Assembly